**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3048** **10-03-2025 - ൽ മറുപടിയ്ക്ക്**

**ചേറ്റുവയിൽ രാമുകാര്യാട്ട് സിനിമ തിയേറ്ററിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ ചേറ്റുവയിൽ രാമുകാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | രാമു കാര്യാട്ടിന്റെ ജന്മനാടായ ചേറ്റുവയിൽ അദ്ദേഹത്തിന്റെ സ്മരണാർത്ഥം തിയേറ്റർ നിർമ്മിക്കുന്നതിന്റെ ഭാഗമായി സ്ഥലം ലഭ്യമാക്കുന്നതിന് ചാവക്കാട് താലൂക്കിൽ ഏങ്ങണ്ടിയൂർ വില്ലേജിൽപ്പെട്ട രണ്ട് ഏക്കർ സ്ഥലം ആവശ്യപ്പെട്ട് 11.04.2023-ന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ നടപടിക്രമങ്ങൾ പാലിച്ച് ഇതുവരെ കൈമാറിക്കിട്ടിയിട്ടില്ല. |
| (ബി) | പ്രസ്തുത തിയേറ്റർ നിർമ്മാണത്തിന് കുറഞ്ഞത് എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | രാമു കാര്യാട്ടിന്റെ ജന്മനാടായ ചേറ്റുവയിൽ അദ്ദേഹത്തിന്റെ സ്മരണാർത്ഥം തിയേറ്റർ നിർമ്മിക്കുന്നതിന്റെ ഭാഗമായി സ്ഥലം ലഭ്യമാക്കുന്നതിന് ചാവക്കാട് താലൂക്കിൽ ഏങ്ങണ്ടിയൂർ വില്ലേജിൽപ്പെട്ട രണ്ട് ഏക്കർ സ്ഥലം ആവശ്യപ്പെട്ട് 11.04.2023-ന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ നടപടിക്രമങ്ങൾ പാലിച്ച് ഇതുവരെ കൈമാറിക്കിട്ടിയിട്ടില്ല. |
| (സി) | കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ തിയേറ്റർ നിർമ്മിക്കുന്നുണ്ടെന്നും അവയോരോന്നിന്റെയും ഭരണാനുമതി തുക എത്രയാണെന്നും വിശദമാക്കാമോ; | (സി) | നിലവിൽ കെ.എസ്.എഫ്.ഡി.സി.-യുടെ നേതൃത്വത്തിൽ കിഫ്ബി സാമ്പത്തിക സഹായത്തോടെ നിർമ്മിച്ചുവരുന്ന തിയേറ്റർ കോംപ്ലക്സുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ചേറ്റുവയിലെ റവന്യൂഭൂമി തിയേറ്റർ നിർമ്മിക്കുന്നതിനായി കൈമാറിക്കിട്ടുന്നതിന് സാംസ്കാരിക വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. ചേറ്റുവയിലെ റവന്യൂ ഭൂമി തിയേറ്റർ നിർമ്മിക്കുന്നതിനായി കൈമാറി കിട്ടുന്നതിന് KSFDC 11.04.2023-ന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| **സ്ഥലം** | **ഭരണാനുമതി തുക** |
|---|---|
| പയ്യന്നൂർ | 16.1 കോടി രൂപ |
| വൈക്കം | 22,06,75,878/- രൂപ |
| അളഗപ്പനഗർ | 13,84,58,075/- രൂപ |
| കായംകുളം | 18,95,29,174/- രൂപ |